# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 558** **27/03/2018-ൽ മറുപടിയ്ക്ക്**

## കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികൾ അംഗങ്ങളായുള്ള ഒരു ഡയറക്ടർബോർഡാണ്. കൂടാതെ സംസ്ഥാന സർക്കാർ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. തുടർച്ചയായി നഷ്ടത്തിലായിരുന്ന സ്ഥാപനം 2006-2007 സാമ്പത്തിക വർഷം മുതൽ പ്രവർത്തനലാഭം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) കെയ്ക്കോയുടെ കീഴിലുള്ള അഗ്രോ ബസാറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) വിത്തു മുതൽ കാർഷികോല്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ വരെയും പരമ്പരാഗത പണി ആയുധങ്ങൾ മുതൽ ആധുനിക കാർഷിക യന്ത്രങ്ങൾ വരെയും കർഷകന്റെ കൃഷിയിടത്തിലെ ആവശ്യങ്ങൾ എല്ലാം ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ സഹായത്തോടെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സംസ്ഥാനത്ത് അഗ്രോ സൂപ്പർ ബസാറുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു. |
| (സി) പ്രധാനമന്ത്രി കൗശൽ വിജ്ഞാൻ യോജന (PMKVY) എന്ന നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെയ്ക്കോ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ഏകദേശം 42,000 യുവതീയുവാക്കൾക്ക് Friends of Coconut, Solanaceous Crop Grover, Gardener, Tractor Operator, Tractor Mechanic എന്നീ അഞ്ച് വിഷയങ്ങളിൽ Recognition of Prior Learning (RPL) പ്രോഗ്രാം നടത്തുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്രസർക്കാർ അംഗീകരിക്കുകയും ടി പദ്ധതിയിൽ നാളിതുവരെ എല്ലാ ജില്ലകളിലുമായി 8,000 പേർ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ അഗ്രിമാൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (ഡി) | തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ അഗ്രിമാൾ സ്ഥാപിക്കുന്നതിന് സിവിൽ പ്രവർത്തികളുടെ structural details ഉൾപ്പെടെയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് 42,11,08,332/- രൂപയുള്ള സാങ്കേതിക അനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു. 21/02/2018-ന് കൂടിയ RIDF-ന്റെ High Value Projects-ന്റെ അവലോകന യോഗം ടി പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുന്ന വിഷയം വിശദമായി ചർച്ച ചെയ്യുകയും Cost Escalation 40 കോടി രൂപയായി നിർദ്ദേശിച്ച സാഹചര്യത്തിൽ ടി പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. |
| (ഇ) | തൃശ്ശൂർ മാളയിലെ ചക്ക സംസ്കരണ യൂണിറ്റിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഇ) | സംസ്ഥാനത്ത് ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് ആസൂത്രിതമായ ഒരു സംരംഭം ഇല്ലാത്ത സാഹചര്യത്തിൽ, തൃശ്ശൂർ ജില്ലയിൽ പൊയ്യ-പൂപ്പത്തിയിൽ കെയ്കോയുടെ ഉടമസ്ഥതയിലുള്ള ഒരേക്കർ സ്ഥലത്ത് രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിൽ ചക്ക സംസ്കരണ പ്ലാന്റ് നിർമ്മിച്ചു. ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ ചക്കയിൽ നിന്നുള്ള പൾപ്പ് (Nectar), ജാക്ക് ഫ്രൂട്ട് ടോഫി, ജാക്ക് ഫ്രൂട്ട് ബാർ, ചക്കക്കുരു പൊടി, ജാക്ക് ഫ്രൂട്ട് ഫ്ളേക്സ്, ചക്ക ഹൽവ എന്നിവയാണ് തുടക്കത്തിൽ ഇവിടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ആവശ്യമായ യന്ത്രസാമഗ്രികൾ സജ്ജമാക്കുകയും ചെയ്തു. വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും ലഭ്യമായിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം ഉടൻ ആരംഭിക്കുന്നതാണ്. ഈ പ്ലാന്റിൽ ചക്ക അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം ആരംഭിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ചക്കയെ സർക്കാർ സംസ്ഥാന ഫലമായി പ്രഖ്യാപിച്ചിട്ടുണ്ട്. |

Manoj M

സെക്ഷൻ ഓഫീസർ